വഴിവെളിച്ചം

# പ്രതിഫലം നിലക്കാത്ത സദ്കർമങ്ങൾ

عن أنس بن مالك رضي الله عنه قال: قال رسول الله ﷺ: سبعٌ يجري للعبد أجرهن وهو في قبره بعد موته، من علّم علمًا، أو كرى نهرًا، أو حفر بئرًا، أو غرس نخلًا، أو بنى مسجدًا، أو ورّث مصحفًا، أو ترك ولدًا يستغفر له بعد موته

**അനസി(റ)ൽനിന്ന്: നബി(സ) പറഞ്ഞു: "ഏഴ് കർമങ്ങൾ, അവയുടെ പ്രതിഫലം മരണാനന്തരം ഖബ്റിലായിരിക്കുമ്പോഴും ദൈവദാസന് ലഭിച്ചുകൊണ്ടിരിക്കും: വിദ്യ അഭ്യസിപ്പിക്കുക, നദി വെട്ടുക, കിണർ കുഴിക്കുക, ഈത്തപ്പനച്ചെടി നടുക, പള്ളി നിർമിക്കുക, പിൽക്കാലക്കാർക്ക് ഒരു ഗ്രന്ഥം ബാക്കിവെക്കുക, തന്റെ കാലശേഷം തനിക്കുവേണ്ടി പ്രാർഥിക്കുന്ന സന്താനത്തെ വിട്ടേച്ചു പോവുക. ഇവയാണാ സദ്കർമങ്ങൾ."***

**ഐഹിക** ജീവിതത്തിന്റെ പര്യവസാനവും പാരത്രിക ജീവിതത്തിന്റെ ആരംഭവുമാണ് മരണം. ജീവിതകാലത്തു ചെയ്യുന്ന കർമങ്ങളാണ് ഓരോ വ്യക്തിയുടെയും പാരത്രിക ലോകത്തെ രക്ഷാശിക്ഷകൾ തീരുമാനിക്കുക. മരണം വന്നെത്തുന്നതോടെ കാലാവധി തീർന്നുപോവുകയും കർമം ചെയ്യാനുള്ള അവസരം നഷ്ടമാവുകയും ചെയ്യുന്നു. എന്നാൽ ചില കർമങ്ങളുണ്ട്. അവയുടെ പ്രതിഫലം മരണത്തോടെ നിലച്ചുപോവുന്നില്ല. മരണാനന്തരവും അതിന്റെ പ്രതിഫലം അനുഗ്രഹവും സൗഭാഗ്യവുമായി പരേതന് ലഭിച്ചുകൊണ്ടിരിക്കും. അത്തരം ചില സദ്പ്രവൃത്തികളെക്കുറിച്ചാണ് ഈ ഹദീസ്.

വിജ്ഞാനം ദീനിൽ സർവ പ്രധാനമാണ്. മറ്റൊരു കർമവും അതിനോളം വരില്ല. വിശ്വാസവും കർമവും ഫലപ്രദമാവാൻ അറിവ് കൂടിയേ തീരൂ. വിജ്ഞാനത്തിന്റെ അഭാവത്തിൽ ഒരു സമൂഹത്തിന് വളരാനോ വികസിക്കാനോ ആവില്ല. അറിവ് ആർജിക്കുന്നതോടൊപ്പം മറ്റുള്ളവർക്ക് പകർന്നു കൊടുക്കുകകൂടി ചെയ്യേണ്ടതുണ്ട്. അറിവ് പകർന്നു കൊടുക്കുന്നവർ സമൂഹ സംസ്കരണമെന്ന ഉത്തരവാദിത്വമാണ് നിർവഹിക്കുന്നത്. കൂരിരുട്ടിൽ പ്രകാശനാളം കത്തിച്ചുവെക്കുന്നതുപോലെയാണത്. തലമുറകളോളം അതിന്റെ വെളിച്ചം ആളുകൾക്ക് വഴികാണിച്ചുകൊണ്ടിരിക്കും.

വിശ്വാസി ആത്മീയ കാര്യങ്ങൾ ശ്രദ്ധിച്ച് അതിൽ മാത്രം അഭിരമിക്കുന്നവനല്ല. സഹജീവികളുടെ പ്രശ്നങ്ങളും പ്രയാസങ്ങളും അവന്റെ കൂടി പ്രശ്നങ്ങളും പ്രയാസങ്ങളുമാണ്. അറിവ് ആത്മാവിന്റെ ഔഷധമാണെങ്കിൽ വെള്ളം ശരീരത്തിന്റെ അടിസ്ഥാന ആവശ്യമാണ്. ജലസേചന പ്രവർത്തനങ്ങൾ ദീനിൽ ശ്രേഷ്ഠമായ ഇബാദത്തായിത്തീരുന്നത് അതുകൊണ്ടാണ്. നദി വെട്ടുക, കിണർ കുഴിക്കുക എന്നിവ മരണശേഷവും നിലനിൽക്കുന്ന പുണ്യകർമങ്ങളാണെന്ന് പ്രവാചകൻ ഓർമിപ്പിക്കുന്നു.

മറ്റൊരു സദ്കർമം മരങ്ങൾ നട്ടുപിടിപ്പിക്കലാണ്. വിശ്വാസി താൻ ജീവിക്കുന്ന ചുറ്റുപാടുകളുടെ ശത്രുവോ അന്തകനോ അല്ല; പ്രകൃതിയുടെ പരിപാലകനാണ്. ആവാസവ്യവസ്ഥക്ക് ദോഷം ചെയ്യുന്ന പ്രവൃത്തികൾ അവനിൽനിന്ന് ഉണ്ടായിക്കൂടാ. മരങ്ങൾ വെച്ചുപിടിപ്പിക്കുന്നവർ പ്രകൃതിയോട് മാത്രമല്ല ഭൂമിയിലെ മുഴുവൻ ജീവജാലങ്ങളോടുമാണ് കാരുണ്യം കാണിക്കുന്നത്.

പള്ളി നിർമിക്കുന്നതും മരണശേഷം പ്രതിഫലം ലഭിച്ചുകൊണ്ടേയിരിക്കുന്ന സദ്കർമമാണ്. പള്ളികൾ കേവല ആരാധനാ സ്ഥലങ്ങൾ എന്നതിലുപരി സമൂഹത്തിന്റെ സാംസ്കാരിക സൗധങ്ങൾ കൂടിയാണ്. പ്രവാചകന്റെ കാലത്ത് അങ്ങനെയായിരുന്നു. അതുകൊണ്ടാണ് പള്ളിനിർമാണം ഇത്രയേറെ ശ്രേഷ്ഠകരമായിത്തീരുന്നത്. 'പിൽക്കാലക്കാർക്ക് ഒരു ഗ്രന്ഥം ബാക്കിവെക്കുക' എന്നതാണ് മറ്റൊന്ന്. ആദ്യം പറഞ്ഞ അറിവ് പകർന്നുകൊടുക്കുക' എന്ന സ്ദകർമവുമായി ബന്ധമുള്ളതാണ് ഇത്. താൻ ആർജിച്ച വിജ്ഞാനം എല്ലാവർക്കും വായിച്ചു ഗ്രഹിക്കാൻ കഴിയുമാറ്, ഒരിക്കലും നഷ്ടപ്പെട്ടുപോവാത്തവിധം ഗ്രന്ഥരൂപത്തിലാക്കിവെക്കുക. സമൂഹത്തെ നേർവഴിയിലേക്ക് നയിക്കാൻ കാരണമായിത്തീരുന്ന ഗ്രന്ഥങ്ങൾ സ്വയം പ്രവർത്തിക്കുന്ന പ്രബോധകരും വിശ്രമമറിയാത്ത പരിഷ്കർത്താക്കളുമാണ്. ആ പുസ്തകങ്ങൾ അണയാത്ത വിളക്കുകൾ പോലെയാണ്. മാതാപിതാക്കൾക്ക് വേണ്ടി പ്രാർഥിക്കുന്ന സദ്വൃത്തരായ സന്താനങ്ങളെക്കുറിച്ചാണ് ഒടുവിൽ പറഞ്ഞിരിക്കുന്നത്. നല്ല സന്താനങ്ങൾ ഇഹത്തിലും പരത്തിലും വിശ്വാസിക്ക് ഗുണകരമായി ഭവിക്കുന്നു. ചീത്ത സന്താനങ്ങൾ നാടിനും സമൂഹത്തിനുമെന്നതുപോലെ മാതാപിതാക്കൾക്കും ദോഷകരമായിത്തീരുന്നു. ■

**ജഅ്ഫർ എളമ്പിലാക്കോട്**

* ഇമാം ബൈഹഖി - *ശുഅബുൽ ഈമാൻ* 3449, ബസ്സാർ - *കശ്ഫുൽ അസ്താർ* 149, അബൂനുഐം - *ഹിൽയത്തുൽ ഔലിയാഅ്* എന്നിവർ ഇതേ പദങ്ങളോടെയും ഇബ്നു മാജ 242, ഇബ്നു ഖുസൈമ തുടങ്ങിയവർ ചെറിയ വ്യത്യാസങ്ങളോടെയും ഈ നബി വചനം ഉദ്ധരിച്ചിട്ടുണ്ട്.